**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 131/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്‌വ്!

പ്രിയരെ,

നമ്മുടെ അടൂർ-കടമ്പനാട് ഭദ്രാസനത്തിന്റെ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ ഏതാനും ആഴ്ചകൾക്ക് മുമ്പ് നടത്തിയ ചില പ്രസംഗങ്ങളിൽ പ. സഭയുടെ നിലപാടുകൾക്കും, സഭയുടെ ഭരണഘടനയുടെ പ്രാധാന്യത്തിനുമെല്ലാം എതിരായ ചില പരാമർശങ്ങൾ നടത്തുവാൻ ഇടയായതിനെ സംബന്ധിച്ച് സഭയിലെ മേൽപട്ടക്കാരും സഭാമാനേജിംഗ് കമ്മറ്റി അംഗങ്ങളും എല്ലാം പ്രതിഷേധമറിയിച്ചുകൊണ്ട് ധാരാളം പരാതികൾ നമുക്ക് നൽകുകയുണ്ടായി. അതിന്റെ എല്ലാം പശ്ചാത്തലത്തിൽ ഒരു വിശദീകരണം നൽകുവാൻ ആദ്യം അദ്ദേഹത്തോട് ആവശ്യപ്പെടുകയും അത് നമുക്ക് ലഭിക്കുകയും ചെയ്തു. തുടർന്ന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് 2025 മെയ് 23-ന് നമ്മുടെ ദേവലോകം അരമനയിൽ വച്ച് കൂടുകയും പരിശുദ്ധ സുന്നഹദോസ് അംഗങ്ങളുടെയും അഭിവന്ദ്യ അപ്രേം തിരുമേനിയുടെയും അഭിപ്രായങ്ങളും വിശദീകരണങ്ങളും കേട്ട ശേഷം അഭിവന്ദ്യ അപ്രേം മെത്രാപ്പോലീത്തായെ ഇനിയൊരു കൽപന ഉണ്ടാകുന്നതുവരെ അടൂർ-കടമ്പനാട് ഭദ്രാസന ചുമതലയിൽ നിന്നും വൈദിക സെമിനാരിയുടെ ചുമതലകളിൽ നിന്നും സഭയുടെ ഭരണപരമായ മറ്റെല്ലാ ചുമതലകളിൽ നിന്നും മാറ്റി നിർത്തുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ചുമതലകളെല്ലാം മലങ്കര മെത്രപ്പോലീത്താ എന്ന നിലയിൽ തത്കാലം നാം ഏറ്റെടുത്തിരിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2025 മെയ് മാസം 23-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.